LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതി

200 (865) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം നിർത്തിവച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി തുടങ്ങിയിട്ട് എത്ര വർഷമായി എന്നും എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും എത്ര കരാറുകാർ ഇടയ്ക്ക് പണി ഉപേക്ഷിച്ചു പോയിയെന്നും എത്ര പ്രാവശ്യം ഡിസൈനിൽ മാറ്റം വരുത്തിയെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പണി പകുതി പൂർത്തിയായതുമൂലം വെള്ളം ഒരു ഭാഗത്ത് കൂടി കുത്തി ഒലിച്ചുപോകുന്നത് തീരപ്രദേശത്തെ സാധാരണ കർഷകരുടെ കാർഷികവിളകൾക്കും മറ്റും ഭീഷണി ഉയർത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആയത് പരിഹരിച്ച് പ്രവർത്തി എത്രയും വേഗം പൂർത്തിയാക്കണമെന്നാവശ്യപ്പെട്ട് ആക്ഷൻ കമ്മിറ്റി തന്നിട്ടുള്ള നിവേദനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ബാവിക്കര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം നിർത്തി വച്ചിട്ടുണ്ട്. സൈറ്റിൽ ഉണ്ടായ ചില വ്യതിയാനങ്ങൾ കാരണം രൂപകല്പനയിൽ മാറ്റം വരുത്തേണ്ടതായിവന്നു. പുതുക്കിയ രൂപകല്പന പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

(ബി) ഈ പ്രവൃത്തി തുടങ്ങിയിട്ട് 10 വർഷത്തോളമായി. നാളിതുവരെ 4,38,31,474 രൂപ ചെലവഴിച്ചു. ഈ പ്രവൃത്തിയിൽനിന്ന് ഒരു കരാറുകാരനെ നീക്കം ചെയ്തിട്ടുണ്ട്. രണ്ട് പ്രാവശ്യം ഡിസൈൻ പുതുക്കുകയുണ്ടായി.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ബാവിക്കര റഗുലേറ്റർ പദ്ധതി ജനകീയ ആക്ഷൻ കമ്മിറ്റി നൽകിയിരുന്ന നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഇറിഗേഷൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു.